# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42 — 09.06.2015 ൽ മറുപടിയ്ക്ക്

## നബാർഡും സഹകരണ മേഖലയും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നബാർഡിന്റെ പ്രവർത്തനം സഹകരണമേഖല വഴി സമൂഹത്തിൽ സഹായമെത്തിക്കുന്നതിൽ എത്രത്തോളം സഹായകമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നതിന് നബാർഡിൽ നിന്നും റീഫിനാൻസ് വ്യവസ്ഥയിൽ സംസ്ഥാന സഹകരണ ബാങ്കിന് വായ്പ നൽകുന്നുണ്ട്. കൂടാതെ മൈനർ ഇറിഗേഷൻ, ഡയറി ഡെവലപ്മെന്റ്, ഹോർട്ടികൾച്ചർ, ഭൂവികസനം ഉൾപ്പെടെയുള്ള കാർഷിക ആവശ്യങ്ങൾക്കും മറ്റ് കാർഷികേതര ആവശ്യങ്ങൾക്കും സംസ്ഥാന/ജില്ലാ ബാങ്കുകൾ മുഖേന വായ്പ നൽകുന്നതിലൂടെ സാമൂഹ്യ-സാമ്പത്തിക പുരോഗതി സഹകരണ മേഖല വഴി കൈവരിക്കുന്നതിന് സഹായകരമാകുന്നുണ്ട് ദീർഘകാല വായ്പാ മേഖലയിൽ കാർഷിക/ കാർഷികേതര വായ്പക്കാവശ്യമായ ധനസഹായത്തിൽ ഭൂരിഭാഗവും നബാർഡ് മുഖേനയാണ് ലഭിക്കുന്നത്. കൂടാതെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചറൽ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുമുള്ള ധനസഹായം ലഭ്യമാക്കി ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ ആസ്തി വികസനം നടത്തുന്നതുമൂലം സഹകരണ ആശുപത്രികൾ അടക്കമുള്ള മേഖലയിലെ സംഘങ്ങളുടെ വികസനം |

| | | | |
|---|---|---|---|
| | | | സാധ്യമാകുന്നുണ്ട്. കാർഷിക/കാർഷികേതര/ബാങ്കിംഗ് മേഖലകളിലെയും സ്വാശ്രയ ഗ്രൂപ്പുകളുടെയും പ്രവർത്തനത്തിന് കേരളത്തിലെ സഹകരണ മേഖല വഴി ലഭ്യമാകുന്ന സഹായം സമൂഹത്തിൽ ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നിലപാടുകൾ നബാർഡ് നൽകിവരുന്ന എതെങ്കിലും പദ്ധതികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ തുടരുന്നത് അസാദ്ധ്യമാക്കിയിട്ടുണ്ടോ; | (ബി) | നിലവിൽ ഉണ്ടായിട്ടില്ല. |
| (സി) | എങ്കിൽ അത് സംസ്ഥാനത്തെയും സഹകരണ മേഖലയെയും ഏത് തരത്തിൽ പ്രതികൂലമായി ബാധിക്കുന്നുവെന്നും ഇത് തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ